**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 17** **07-10-2024 - ൽ മറുപടിയ്ക്ക്**

**സാലറി ചലഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ദുരിതാശ്വാസത്തിന്റെ ഭാഗമായി സർക്കാർ ജീവനക്കാരിൽ നിന്നും അദ്ധ്യാപകരിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സാലറി ചലഞ്ചിൽ പങ്കെടുത്ത ജീവനക്കാരുടെ എണ്ണം ലഭ്യമാക്കാമോ ; ഇതിൽ ശമ്പളത്തിൽ നിന്നും / പ്രൊവിഡൻറ് ഫണ്ടിൽ നിന്നും / ലീവ് സറണ്ടറിൽ നിന്നും സംഭാവന നൽകിയവരുടെ എണ്ണം ഇനം തിരിച്ച് നൽകാമോ; | (എ) | സ്പാർക് വഴി ശമ്പളം മാറുന്ന സർക്കാർ ജീവനക്കാരിൽ 218228 പേർ ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിട്ടുണ്ട്. ശമ്പളത്തിൽ നിന്നും സംഭാവന നൽകാൻ സമ്മതപത്രം നൽകിയത് - 119002 പേർ<br><br>പ്രൊവിഡന്റ് ഫണ്ടിൽ നിന്നും സംഭാവന നൽകാൻ സമ്മതപത്രം നൽകിയത് - 6580 പേർ<br><br>ലീവ് സറണ്ടർ വഴി സംഭാവന നൽകാൻ സമ്മതപത്രം നൽകിയത് - 92646 പേർ<br><br>സ്പാർക് വഴി അല്ലാതെ ശമ്പളം മാറുന്ന ജീവനക്കാരിൽ (പൊതുമേഖല സ്ഥാപനങ്ങൾ, Grant-in-aid സ്ഥാപനങ്ങളിലെ ജീവനക്കാർ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയത് സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു. |
| (ബി) | ഈ ചലഞ്ചിലൂടെ ഓഗസ്റ്റ് മാസത്തെ ശമ്പളം / പി.എഫ്. / ആർജ്ജിതാവധി സറണ്ടർ എന്നിവയിലൂടെ ആദ്യ ഗഡുവായി എത്ര രൂപ ഒരോ ഇനത്തിലും സംഭാവനയായി ലഭിച്ചുവെന്നു വ്യക്തമാക്കാമോ ; ഇതിന് ആനുപാതികമായി അടുത്ത രണ്ട് ഗഡുക്കളിൽ ഓരോ വിഭാഗത്തിലൂടെയും എത്ര രൂപ ലഭിക്കും ; വ്യക്തമാക്കാമോ ? | (ബി) | സ്പാർക് വഴി ശമ്പളം മാറുന്ന സർക്കാർ ജീവനക്കാരിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഓഗസ്റ്റ് മാസത്തെ ശമ്പളം/പി.എഫ്/ ആർജ്ജിതാവധി സറണ്ടർ എന്നിവയിലൂടെ ആദ്യ ഗഡുവായി ലഭിച്ച തുക സബന്ധിച്ച വിവരങ്ങൾ താഴെ നല്കിയിരിക്കും പ്രകാരമാണ്.<br><br>ശമ്പളത്തിൽ നിന്നും ലഭിച്ചത് - 34,20,53,635/- രൂപ<br><br>ലീവ് സറണ്ടർ വഴി ലഭിച്ചത് - 16,21,10,126/- രൂപ<br><br>പ്രൊവിഡന്റ് ഫണ്ടിൽ നിന്നും ലഭിച്ചത് -31,28,556/- രൂപ<br><br>സ്പാർക് വഴി അല്ലാതെ ശമ്പളം മാറുന്ന ജീവനക്കാരിൽ (പൊതുമേഖല സ്ഥാപനങ്ങൾ, |

| | | | |
|---|---|---|---|
| | | | Grant-in-aid സ്ഥാപനങ്ങളിലെ ജീവനക്കാർ) നിന്നും ലഭിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.<br><br>അടുത്ത രണ്ട് ഗഡുക്കളിൽ ഓരോ വിഭാഗത്തിലൂടെയും എത്ര രൂപ ലഭിക്കും എന്ന് മുൻകൂട്ടി കണക്കാക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ